# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2892** **13.03.2020–ൽ മറുപടിയ്ക്ക്**

## പുനർഗേഹം പദ്ധതി

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) പുനർഗേഹം പദ്ധതി പ്രകാരം എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കാണ് വീട്ട വയ്ക്കാൻ പത്ത് ലക്ഷം രൂപ വീതം നൽകുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | എ) "പുനർഗേഹം" പദ്ധതി പ്രകാരം 18,685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കാണ് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ നൽകുന്നത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു. |
| ബി) പുനർഗേഹം പുനരധിവാസ പദ്ധതിയിൽ ഗുണഭോക്താവാകാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | ബി) ഗുണഭോക്താവാകാനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ (HTL) നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന എല്ലാ കുടുംബങ്ങളും.<br>2. തുടർച്ചയായ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് മുൻഗണന.<br>3. നിലവിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പുനരധിവാസ പദ്ധതികളിലെ ഗുണഭോക്താക്കളിൽ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഉള്ളവരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും. ഒരേ വീട്ടിൽ വെവ്വേറെ റേഷൻ കാർഡുള്ള കുടുംബങ്ങൾ താമസിക്കുന്നുണ്ടെങ്കിൽ അവരെയും വ്യത്യസ്ത ഗുണഭോക്താക്കളായി പരിഗണിക്കും. എന്നാൽ ഭൂമിയുടെയും വീടിന്റെയും ഉടമയ്ക്കായിരിക്കും ആദ്യ പരിഗണന.<br>4. ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടിരുന്ന-വരായിരുന്നാലും, അവർ വ്യത്യസ്ത കുടുംബങ്ങളായി സ്വന്തമായി വീടില്ലാത്തതു കൊണ്ടുമാത്രം, മാതാപിതാക്കളോടൊപ്പമോ അല്ലാതെയോ താമസിക്കുന്നവരേയും വ്യത്യസ്ത കുടുംബമായി പരിഗണിച്ച് ധനസഹായം നൽകാവുന്നതാണ്. |

സി) വീട് വയ്ക്കാനുള്ള സ്ഥലം ആരാണ് കണ്ടെത്തേണ്ടതെന്നും എത്ര സെന്റ് സ്ഥലത്തിന് എത്ര രൂപയാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ;

സി) വീട് വയ്ക്കാനുള്ള സ്ഥലം ഗുണഭോക്താവ് സ്വന്തം നിലയിലാണ് കണ്ടെത്തേണ്ടത്. 2 മുതൽ 3 സെൻറ് വരെ ഭൂമി വാങ്ങുന്നതിന് പരമാവധി 6 ലക്ഷം രൂപ വീതം ധനസഹായമായി അനുവദിക്കുന്നു.

ഡി) ചില ജില്ലകളിൽ സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് മത്സ്യത്തൊഴിലാളികളെ അവിടങ്ങളിൽ താമസിക്കാൻ നിർബന്ധിക്കുകയും പുനർഗേഹം പദ്ധതിയുടെ ആനുകൂല്യങ്ങൾ നിഷേധിക്കുകയും ചെയ്യുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; അത്തരത്തിൽ ആനുകൂല്യങ്ങൾ നിഷേധിക്കുന്നതിനുള്ള അധികാരം ജില്ലാ ഭരണാധികാരികൾക്കു നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുനർഗേഹം പദ്ധതിയിൽ പുനരധിവാസത്തിനായി വ്യക്തിഗത വീട് നിർമ്മാണം, ഫ്ളാറ്റ് നിർമ്മാണം എന്നീ രീതികൾ അനുവർത്തിക്കുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനും ഭൂമിയും വീടും ഉൾപ്പെടെ വാങ്ങുന്നതിനും, ഗുണഭോക്താക്കൾ ഒരുമിച്ച് ചേർന്ന റസിഡന്റ്സ് ഗ്രൂപ്പായി എല്ലാ ഗ്രൂപ്പംഗങ്ങളുടെയും പേരിൽ ഭൂമി വാങ്ങി പ്രസ്തുത ഭൂമിയിൽ ഫ്ളാറ്റ് അപ്പാർട്ട്മെന്റ് സ്വന്തം നിലയിൽ നിർമ്മിക്കുന്നതിനും പദ്ധതിയിൽ മാനദണ്ഡങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ സർക്കാർ ഭൂമിയിൽ ഫ്ളാറ്റ് നിർമ്മിച്ച് നൽകുന്നതിനും പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു. ഇതിൽ ഏതു രീതി വേണമെന്ന് ഗുണഭോക്താവിന് തെരഞ്ഞെടുക്കാവുന്നതാണ്.

**സെക്ഷൻ ആഫീസർ**

# അനുബന്ധം

| ജില്ല | വേലിയേറ്റ രേഖയിൽ നിന്നുള്ള ഭവനത്തിന്റെ എണ്ണം |
|---|---|
| തിരുവനന്തപുരം | 3339 |
| കൊല്ലം | 1580 |
| ആലപ്പുഴ | 4660 |
| എറണാകുളം | 1618 |
| തൃശ്ശൂർ | 408 |
| മലപ്പുറം | 1806 |
| കോഴിക്കോട് | 2609 |
| കണ്ണൂർ | 1512 |
| കാസർഗോഡ് | 1153 |
| **ആകെ** | **18685** |

**സെക്ഷൻ ആഫീസർ**